(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പദ്ധതി നടപ്പാക്കുമ്പോൾ കമ്പനിക്ക് ഉണ്ടാകുന്ന മെച്ചം എന്താണ്?

<u>ഉത്തരം</u>

(എ&ബി) മലബാർ സിമന്റ്സ് ലിമിറ്റഡിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിപുലീകരണ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തനം നിറുത്തിവച്ച പ്ലാന്റിലെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും വാഗൺ ടിപ്പർ സിസ്റ്റം സ്ഥാപിക്കുന്നതിനും സിമന്റ് പാർക്കിംഗ് പ്ലാന്റിന്റെ വൈവിദ്ധ്യവൽക്കരണത്തിനും നവീകരണത്തിനും ആവശ്യമായ തുക കമ്പനിയുടെ സർപ്ലസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് ബൾക്ക് സിമന്റ് യൂണിറ്റ് പദ്ധതി തുടങ്ങുവാനുള്ള സാമ്പത്തിക നിക്ഷേപം കെ.വാറ്റ് ടാക്സ് വായ്പയായും പോരാത്തതിന് ആവശ്യം വരികയാണെങ്കിൽ ബാങ്കിൽനിന്നും വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. തിരിച്ചടവ് ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ അഞ്ച് വർഷം കഴിഞ്ഞ് തുടങ്ങിയാൽ മതി. തിരിച്ചടവ് അറുപത് തുല്യ ഗഡുക്കളായി അടച്ചുതീർക്കണം.

(ഡി) ബൾക്ക് സിമന്റ് യൂണിറ്റ് പദ്ധതിയിലൂടെ സിമന്റ് വിതരണം വർദ്ധിപ്പിക്കുവാനും കമ്പനിക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സുലഭമായി ചുരുങ്ങിയ ചെലവിൽ വാളയാറിലും ചേർത്തലയിലും എത്തിക്കുവാനും സാധിക്കും. മലബാർ സിമന്റ്സ് ലിമിറ്റഡ് നിലവിൽ സംസ്ഥാനത്തിനാവശ്യമായ സിമന്റിന്റെ എട്ട് ശതമാനം മാത്രമേ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുള്ളൂ. ബാക്കി തൊണ്ണൂറിരണ്ട് ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. മലബാർ സിമന്റ്സ് കേരള സംസ്ഥാനത്ത് ഇരുപത്തിയഞ്ച് ശതമാനം മാർക്കറ്റ് ഷെയറായി ഉയർത്തി പ്രധാന കണ്ണിയായി പ്രവർത്തിക്കുവാൻ മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന സാധിക്കുന്നതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക

206 (4197) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് തുക ഏത് വർഷം വരെ നൽകി എന്നത് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വൻതുക റിബേറ്റ് ഇനത്തിൽ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം പ്രാഥമിക സഹകരണ സംഘങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക ഉടനെ നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽപ്പെട്ട പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം റിബേറ്റ് നൽകിയിട്ടുണ്ട്.

നമ്പർ	ജില്ല	കാലയളവ്
1	തിരുവനന്തപുരം	2011 ഓണം വരെ
2	കൊല്ലം	2009-10 വരെ
3	ആലപ്പുഴ	2011-12 വരെ
4	കോട്ടയം	2011-12 വരെ
5	ഇടുക്കി	2011-12 വരെ
6	എറണാകുളം	2011-12 വരെ
7	തൃശ്ശൂർ	2011-12 വരെ
8	പാലക്കാട്	2011-12 വരെ
9	കോഴിക്കോട്	2011-12 വരെ
10	കണ്ണൂർ	2011-12 വരെ
11	വയനാട്	2010 വിഷു വരെ
12	കാസർഗോഡ്	2011-12 വരെ

(ബി) ഉണ്ട്. റിബേറ്റ് ലഭ്യമാകാത്തതുമൂലം പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത സംഘങ്ങൾ നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാമ്പത്തിക വർഷം റിബേറ്റിനത്തിൽ 4.4 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു. കുടിശ്ശിക നൽകുന്നതിനായി 7 കോടി രൂപ ഉപധനാഭ്യർത്ഥന മുഖാന്തരം അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

207 (4198) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളിൽ ഓരോന്നിനുമുള്ള മുതൽമുടക്ക് എത്രയാണെന്ന വിവരം പട്ടിക തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി.യുടെ സഹായ സഹകരണത്തോടെ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 ആയും കിൻഫ്ര മുഖാന്തിരം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു.* കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ മുഖാന്തിരം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

208 (4199) ശ്രീ. എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപിക്കുന്നതിലൂടെ ലക്ഷ്യമിട്ട തരത്തിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതിക്ക് ഉണർവേകുന്നതിനും സാദ്ധ്യമാകുന്നില്ല എന്ന സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ച മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly